
പുലരി
LK DIGITAL MAGAZINE
S N V H S S NEDUNGANDA

# ഹെഡ്മിസ്ട്രസ്



ആധുനിക സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് പഠനത്തിലും അധ്യാപനത്തിലും കൂടി ഇവയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സംസ്ഥാന സർക്കാർ സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിക്കുന്ന പരിപാടി ആണല്ലോ ഹൈടെക് വിദ്യാഭ്യാസം.ഈ കാലഘട്ടത്തിൽ അക്കാദമിക രംഗത്ത് വികസിതരാജ്യങ്ങൾക്കൊപ്പം എത്തിനിൽക്കുകയാണ് നമ്മളും.ലിറ്റിൽ കൈറ്റ്സ് എന്ന ഐ.റ്റി കൂട്ടായിമയിലൂടെ ഈ വിദ്യാലയത്തിലെ കുട്ടികളും അതിൽ പങ്കാളികളാകുന്നു.

നീന.ആർ

# ഉള്ളടക്കം


| | | |
|---|---|---|
| 1. | നവമാധ്യമങ്ങളും വിദ്യാർത്ഥികളും (JAYALEKSHMI) | 1 |
| 2. | നവമാധ്യമങ്ങളും വിദ്യാർത്ഥികളും ( AMINA J ) | 3 |
| 3. | ചിത്രരചന | 9 |
| 4. | മുന്നോട്ട് | 10 |
| 5. | പെണ്ണ് | 11 |
| 6. | ചിത്രരചന | 12 |
| 7. | കവിത | 13 |
| 8. | ചിത്രരചന | 14 |
| 9. | ചിത്രരചന | 15 |
| 10. | സ്ററഡി ടൂർ | 16 |
| 11. | കലോത്സവം | 17 |
| 12. | സ്വാതന്ത്ര്യദിനാഘോഷം | 18 |
| 13. | ഓണാഘോഷം | 19 |
| 14. | യോഗാദിനം | 20 |
| 15. | ലോകഭിന്നശേഷിദിനാഘോഷം | 21 |
| 16. | റിപ്പബ്ലിക് ദിനാഘോഷം | 23 |

# നവമാധ്യമങ്ങളും വിദ്യാർത്ഥികളും

വാർത്താവിനിമയ മാധ്യമരംഗങ്ങളിൽ കഴിഞ്ഞ 20 വർഷമായി അപ്രതീക്ഷിതവും അത്ഭുതവാഹവുമായ പരിവർ ത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മാധ്യമ സിദ്ധാന്തവാദി മാർഷൽ മക്ലൂഹന്റെ വാക്കുകളിൽ മാധ്യമം എന്നത് സന്ദേശം കൈമാറുന്നതിനുള്ള ആധാരദ്രവ്യം എന്നാണ്. എന്നാൽ നവമാധ്യമങ്ങളുടെ നിർവചനം മറ്റൊന്നാണ്. ഇന്റർനെറ്റിന്റെയും ഏതെങ്കിലും സാമൂഹിക കൂട്ടായ്മകളുടെയും ബ്ലോഗുകളുടേയുമൊക്കെ സഹായത്തോടെ കൈമാറുന്ന സന്ദേശത്തിന്റെ പരസ്പര വ്യവഹാരമാണ് (interactive) നവമാധ്യമം.

സാമൂഹികം, സാമ്പത്തികം, വ്യവസായികം, വിനോദസഞ്ചാരം എന്നുവേണ്ട നവമാധ്യമങ്ങളുടെ ആനുകൂല്യങ്ങൾ മുതലെടുക്കാത്ത മേഖലകൾ ഇന്ന് വിരളമാണ്. വിദ്യാഭ്യാസ രംഗത്തും ഇതിന്റെ തരംഗങ്ങൾ അലയടിച്ചു. പഠന ആവശ്യങ്ങൾക്കായും പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനായും വിവരശേഖരണത്തിനായും സംശയനിവാരണത്തിനായും നിരവധി വിദ്യാർത്ഥികൾ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നുണ്ട്. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായി ക്ലാസിൽ ഇരുന്ന് പഠിക്കുവാൻ കഴിയാത്ത കുട്ടിയുടെ മുന്നിലേയ്ക്ക് ഇന്റർ നെറ്റ് വഴി ക്ലാസ്സ് മുറിയിലെ ശബ്ദവും പാഠവുമെല്ലാം എത്തിയ്ക്കാനുള്ള ശ്രമങ്ങൾ കഴിഞ്ഞയാഴ്ച മാധ്യമങ്ങളിലൂടെ നമുക്ക് അറിയാൻ കഴിഞ്ഞു.

ഗുരുമുഖത്തുനിന്ന് വായ്മൊഴിയായി വിദ്യ പകർന്നുതന്നിരുന്ന ഗുരുകുലസമ്പ്രദായം ഇന്ന് പോയ്മറഞ്ഞിരിക്കുന്നു. അധ്യാപകൻ പഠിപ്പിക്കുന്നത് വീട്ടിനുള്ളിൽ ഇരുന്ന് പഠിക്കുവാനും പരീക്ഷ എഴുതാനും ഫലം അറിയുവാനും കൂടുതൽ വിദേശ പഠനസാധ്യതകൾ കണ്ടെത്താനുമെല്ലാം ഇത് സഹായകമാണ്.

ഒഴിവുവേളകളെ ഉല്ലാസപ്രദമാക്കാനായി കളികളും വീഡിയോ ദൃശ്യങ്ങളും പാട്ടുകളുമുണ്ട്. സാമൂഹിക കൂട്ടായ്മകളിലൂടെ സൗഹൃദബന്ധങ്ങൾ നിലനിർത്താനാകും. തീവ്രവാദികളുടെ ആക്രമണത്തിന് ഇരയായ 15 കാരി മലാല എന്ന പാകിസ്ഥാനി പെൺകുട്ടിയ്ക്കായി കാതങ്ങൾ താണ്ടിയും കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും തിരികൾ തെളിഞ്ഞത് ഇതിനുദാഹരണമാണ്.

വായനശാലകൾക്കു പകരം ഡിജിറ്റൽ ലൈബ്രറികളുടെ ആവിർഭാവം നിരവധി മാറ്റങ്ങൾക്കു വഴിവച്ചു. പുസ്തകങ്ങളും മാഗസിനുകളും വാങ്ങുവാനുള്ള സൗകര്യങ്ങൾ നവമാധ്യമങ്ങളിലുണ്ട്. ലോകമെമ്പാടുമുള്ള ിീഹശില വ്യാപാരങ്ങളിൽ 7.1% പുസ്തക വില്പന നടക്കുന്നുണ്ട്, എന്നാൽ ഇന്ത്യയിൽ ഇത് 9.3 % ആണ്. മൾ ട്ടിമീഡിയയുടെ സഹായത്തോടെ പഠനം ലളിതവും ആകർഷകവുമാകുന്നു. സൂക്ഷ്മകണികകളുടെ സ്വഭാവം, രൂപം എന്നിവയുടെ പഠനത്തിനും, ഗ്രഹങ്ങളുടെയും ഉപഗ്രഹങ്ങളുടെയും ഗതിവേഗം എന്നിവ നിർ ണ്ണയിക്കുന്നതിനും, റോബോട്ടുകളുടെ പ്രവർത്തനം മനസിലാക്കുന്നതിനും, വ്യാപാരമേഖലയിലെ കുതിപ്പും കിതപ്പും അളക്കുന്നതിനുമെല്ലാം മൾട്ടീമീഡിയ ഗുണം ചെയ്യും.

വൈദ്യശാസ്ത്രരംഗത്ത് ഇവമൂലം നിരവധി നേട്ടങ്ങളുണ്ടായി. വിദേശത്ത് ഇരിക്കുന്ന പ്രഫസറിന് ഇവിടെ നടക്കുന്ന ശസ്ത്രക്രിയയെ നിയന്ത്രിക്കുന്നതിനും നോക്കിക്കാനും വിദ്യാർത്ഥികൾക്ക് പരിശീലനം നല്കുവാനുമെല്ലാം വീഡിയോ കോൺഫറസിങ് സഹായകമാകുന്നു. മായിക ലോകത്തിൽ ഡ്രൈവിങ് പരിശീലനം, വൈമാനിക പരിശീലനം എന്നിവ വിദ്യാർത്ഥികൾക്കായി ഒരുക്കാനും ഇവയ്ക്കാകും.വിദ്യാഭ്യാസ രംഗത്തുള്ള ഈ പുത്തൻ ഉണർവ്വിന് സ്മർട്ട് ഫോണുകളുടെ കടന്നുവരവും 3 ഏ, 4 ഏ സാങ്കേതിക മുന്നേറ്റവുമെല്ലാം ആക്കം കൂട്ടുന്നു. 69% ഇന്ത്യൻ ഇന്റർനെറ്റ് ഉപഭോക്താക്കളും മൊബൈൽ സേവനങ്ങളെയാണ് ഇതിനായി ആശ്രയിക്കുന്നത്. 2012 ന്റെ അവസാനത്തോടെ മൊബൈൽ ഇന്റർനെറ്റ് ഉപഭോക്താക്കളാകും ഇന്ത്യയിൽ ഭൂരിഭാഗവും എന്നാണ് പ്രതീക്ഷ. കൈപിടിയിൽ ഒതുക്കാം, വേഗതയാർന്ന പ്രവർത്തനം, ദൂരപരിധികളില്ല എന്നിവ ഇവയ്ക്ക് പിന്തുണയേകുന്നു.

നവമാധ്യമങ്ങളുടെ സ്വാധീനം ഏറെ ആകുലതകൾക്കും ആശങ്കകൾക്കും വഴിയൊരുക്കുന്നു എന്നത് വേദനാജകമാണ്. 2012 ലെ ലോക ഇന്റർനെറ്റ് ഉപഭോക്താക്കളുടെ കണക്ക് പ്രകാരം മറ്റെല്ലാ ഭൂഖണ്ഡങ്ങളെയും പിന്നിലാക്കി ഏറ്റവും കൂടുതൽ ഉപഭോക്താക്കൾ ഉള്ളത് ഏഷ്യയിലാണ് (44.8%). ഇതിൽ 45.82 മില്യൺ ഉപഭോക്താക്കളും ഇന്ത്യക്കാരാണ്. വിദ്യാർത്ഥികളുടെ കണക്കുകൾ സൂചിപ്പിക്കുന്നത് 97% പേരും കളികൾക്കും 73% സാമൂഹിക കൂട്ടായ്മകൾക്കായി ഇന്റർനെറ്റ് ഉപയോഗിക്കുന്നവരും ആണ്. ഫേസ്ബുക്കിനും ട്വിറ്ററിനും ബ്ലോഗിനും മറ്റു സാമൂഹിക കൂട്ടായ്മകളുടെയും പിറകേ ഏറിയ സമയവും ചിലവഴിക്കുമ്പോൾ പഠനസമയം പാഴാകുന്നു എന്നത് ശ്രദ്ധേയം.സുരക്ഷിതത്വമില്ലായ്മ നവമാധ്യമങ്ങളുടെ പ്രധാന കോട്ടമായി ചൂണ്ടികാണിക്കപ്പെടുന്നു. കലാപങ്ങളും മറ്റും മുതലെടുത്ത് സൈബർ യുദ്ധങ്ങൾ നടത്തുന്ന തീവ്രവാദ സംഘടനകൾക്ക് വളക്കൂറുള്ള മണ്ണായി മാറുന്ന നമ്മുടെ നവമാധ്യമങ്ങൾ. ലൈംഗിക തൃപ്തിയ്ക്കായി ഇരകളെ കാത്തിരിക്കുന്നവരുടെ മുന്നിലേയ്ക്ക് വിദ്യാർത്ഥികൾ വലിച്ചെറിയപ്പെടുമ്പോഴും രവശഹററ ുൃീഴൃമവ്യ ുൃശ്യമ്യ ഇല്ലായ്മയും സൈബർ ഭൃശാല ഉം ഒക്കെ പെരുകുമ്പോഴും സൈബർ നിയമങ്ങൾ നമ്മെ സംരക്ഷിക്കുമോ?

ആരേ വിശ്വസിക്കണം എന്ന അരക്ഷിതാവസ്ഥ വിദ്യാർത്ഥികളെ പിടിമുറുക്കുമ്പോഴും വീട്ടിനുള്ളിലെ ഒരു മുറിയിൽ മാത്രം ഒതുങ്ങിക്കൂടി ഓൺലൈൻ കളികളിലായി. ആരോഗ്യം നശിപ്പിക്കപ്പെട്ടുമ്പോഴുമെല്ലാം ആരെ പഴിക്കണം. ശാസ്ത്രത്തേയോ, സാങ്കേതിക വിദ്യയേയോ ?നവമാധ്യമങ്ങൾ ആവശ്യക്കാർക്കായി തുറന്നിടുന്ന വാർത്താവിനിമയ പന്ഥാവ് വളരെ വിശാലമാണ്. ഇന്റർനെറ്റ് എന്ന മാന്ത്രിക ജാലകം ഇന്ന് നമ്മുടെ കീശയിൽ ഒതുങ്ങും. വിദൂരങ്ങളിൽ ഇരിക്കുന്നവരുമായി ആശയവിനിമയം നടത്താൻ കഴിയും, പ്രഭാതങ്ങളിൽ പത്രം നമ്മുടെ വീട്ടുപടിക്കൽ എത്തും മുമ്പ് വിവരങ്ങൾ അറിയാൻ കഴിയും, ഏത് വിഷയവും അനുബന്ധവിവരങ്ങളും നമ്മുടെ വിരൽത്തുമ്പിൽ ഞൊടിയിടയിൽ ലഭ്യമാണ് എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നവമാധ്യമങ്ങൾക്കുണ്ട്.

JAYALEKSHMI

10 B

# നവമാധ്യമങ്ങളും വിദ്യാർത്ഥികളും

**1. മാധ്യമാധിപത്യമുള്ള ഇന്നിൻറെ ലോകം ..**മാധ്യമാധിപത്യമുള്ളൊരു ലോകത്താണ് നാം ജീവിക്കുന്നത്. നമ്മുടെ അനുദിന ജീവിതചര്യകളെയും പെരുമാറ്റ രീതികളെയും മാധ്യമങ്ങൾ സ്വാധീനിക്കുന്നു, അവ ഭരിക്കുന്നു. കുടുംബങ്ങളിലെ ജീവിത ക്രമങ്ങൾ പലപ്പോഴും ടിവി പരിപാടികളെയും സീരിയലുകളെയും ആശ്രയിച്ചാണ് നീങ്ങുന്നത്. കുട്ടികളുടെ വളരുന്ന മനസ്സുകളെയാണ് മാധ്യമങ്ങൾ അധികവും സ്വാധീനിക്കുന്നത്. അവർ പിറന്നുവീഴിന്നത് അങ്ങനെയുള്ളൊരു ജീവിതക്രമത്തിലേയ്ക്കും മാധ്യമ സംസ്കാരത്തിലേയ്ക്കുമാണെന്ന് പറയാതിരിക്കാൻ വയ്യ.

ഇന്ന് കുട്ടികൾക്കു കിട്ടുന്ന ഡിജിറ്റൽ കളിക്കോപ്പുകളും, അവർക്ക് കയ്യെത്താവുന്ന ദൂരത്തിലെ മൊബൈലും, ഐ-ഫോണും, ഐ-പ്പാടും കമ്പ്യൂട്ടർ സംവിധാനങ്ങളുമെല്ലാം അവരുടെ വിരൽ തുമ്പിലെ കളിപ്പാട്ടങ്ങളായി മാറുന്നു. മാധ്യമങ്ങൾക്കുള്ള ക്രിയാത്മകമായ കരുത്തും കഴിവും ഈ യുഗത്തിൻറെ സവിശേഷതയാണ്. ഇന്നിൻറെ യാത്രാസൗകര്യങ്ങളും, തൊഴിൽ സംവിധാനങ്ങളും, കളിയും കാര്യവുമെല്ലാം മാധ്യമകേന്ദ്രീകൃതമാണെന്നു പറയുന്നതിൽ തെറ്റില്ല. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങൾക്കുള്ള ക്രിയാത്മകമായ കരുത്തിനെ അംഗീകരിക്കുമ്പോൾ അവ നിഷേധകാത്മകമായി ചെലുത്താവുന്ന സ്വാധീനത്തിലേയ്ക്ക് വിരൽചൂണ്ടുകയും അവബോധം ഉണർത്തുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യമെന്ന് ആമുഖമായി പറയട്ടെ!

**2. മാധ്യമബോധനം ഇന്നിൻറെ ആവശ്യം** ടിവി കാണരുത് സിനിമ കാണരുത്, അല്ലെങ്കിൽ ഇൻറെർനെറ്റ് ഉപയോഗിക്കരുത് എന്ന് ഇന്നു പറയുക സാധ്യമല്ല. പറയുന്നത് ശരിയുമല്ല! മാധ്യമ പിൻതുണയോടെ നീങ്ങുന്നൊരു ലോകത്ത് എങ്ങനെ മാധ്യമങ്ങളെ മാറ്റി നിറുത്തിക്കൊണ്ട് ജീവിക്കാനാകും? മാധ്യമങ്ങൾ നന്മയ്ക്കുള്ള ചാലകശക്തിയാണ്. നന്മയുടെ ഉപാധികളാണവ. നന്മയുടെ ഉപകരണങ്ങൾ തിന്മയ്ക്കായി ഉപയോഗിക്കുന്നത് മനുഷ്യസ്വഭാവം തന്നെയാണ്. നിത്യോപയോഗത്തിനുള്ള ഉപകരമണാണ് കത്തി, എന്നാൽ അത് അപരനെ ഉപദ്രവിക്കാനും മുറപ്പെടുത്താനും ഉപയോഗിക്കുന്നില്ലേ?

അതിനാൽ, കുട്ടികൾക്ക് മാധ്യാവബോധം നല്കേണ്ടത് ഇന്നിൻറെ ആവശ്യമാണ്. ഒഴുകിയെത്തുന്ന വെള്ളവും വെളിച്ചവുംപോലെ ഇന്ന് മാധ്യമശൃംഖ വളർന്നു വലുതായി ആധുനിക വിവരസാങ്കേതികതയുടെ വൻ ലോകമായി മാറിയിരിക്കുകയാണ്. മാധ്യമങ്ങളുടെ മാസ്മര ശക്തിയിലും സ്വാധീനവലയത്തിലും ഇന്നത്തെ ലോകം അമർന്നിരിക്കുന്നു. എന്നാൽ കെണിയിൽപ്പെടുന്ന കുഞ്ഞുങ്ങളെപ്പറ്റി നാം ചിന്തിക്കാറുണ്ടോ? ചിന്തിക്കുന്നുപോലുമില്ല. മാധ്യമങ്ങൾ ഏറ്റവും അധികം സ്വാധീനിക്കുന്നത് കുഞ്ഞുങ്ങളെയാണ്, കുട്ടികളെയാണ്!

**3. കുട്ടികളിലെ മാധ്യമസ്വാധീനം** അത്താഴം കഴിഞ്ഞ് കുടുംബത്തിൽ അച്ഛനും അമ്മയുംകൂടി അയൽക്കാരുമായുള്ള ചെറിയ വഴക്കിൻറെ കാര്യം പറയുകയാണ്. മകൻ താഴെ കാർപ്പെറ്റിലിരുന്ന് കാറോടിച്ചു കളിക്കുകയായിരുന്നു. എല്ലാം കാതോർത്ത

4 വയസ്സുകാരൻ പുലമ്പിയതിങ്ങനെയാണ്, "അച്ഛാ അങ്ങനെയാണെങ്കിൽ നമുക്കവരെ കുത്തിക്കൊല്ലാം," അവൻ പറയുകയും കൈകൊണ്ട് ആക്ക്ഷൻ കാണിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങൾക്ക് ടി.വി അദ്ധ്യാപകനായി മാറുന്നുണ്ട്. പണ്ട് അദ്ധ്യാപകരും, ആത്മീയ നേതാക്കളും ഗുരുക്കന്മാരും പങ്കുവച്ചിരുന്ന മൂല്യങ്ങളുടെയും സാരോപദേശങ്ങളുടെയും സ്ഥാനം ടിവി കൈക്കാലിക്കിയിരിക്കയാണ്. സംസാരവും പെരുമാറ്റവും ചിന്താധാരയുമെല്ലാം കുട്ടികളുടെ ഇഷ്ടതാരങ്ങളുടെയും കഥാപാത്രങ്ങളുടേതുമായി മാറിയിരിക്കുന്നു. എന്തുടുക്കണം, എന്തു ഭക്ഷിക്കണം, എങ്ങനെ നടക്കണം എന്നെല്ലാം പറയുന്നത് ടിവി., ഇൻറെർനെറ്റ് മുതലായ മാധ്യമാങ്ങളാണ്. മിക്കി മൗസിൻറെ ചട്ടുലതയിൽ ഇളയതോ മൂത്തതോ ആയ സഹോദരങ്ങളെ ഉപദ്രവിക്കുന്ന പിഞ്ചു ബാലൻറെ പ്രവൃത്തികളുടെ ഉത്തേജനം ടിവിയാണ്. സൂപ്പർ മാൻ വേഷധാരിയായി ഉയരങ്ങളിൽനിന്ന് ചാടി അമാനുഷികത പ്രകടമാക്കി അപകടങ്ങളിൽപ്പെടുന്ന കുട്ടികളുടെയും നിഷേധാത്മകമായ പ്രായോജകർ മാധ്യമങ്ങളല്ലേ!?

**4. മാധ്യമങ്ങൾ നന്മയുടെ ചാലകശക്തി ..**ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ വളർച്ചയുക്തകുന്ന വളരെ ശക്തമായ ഉപകരമാണ് മാധ്യമങ്ങൾ, സംശയമില്ല! വാർത്തകൾ അതിവേഗം എത്തിക്കുവാൻ മാത്രമല്ല, സാമൂഹിക സാംസ്കാരിക പുരോഗതിയിൽ മനുഷ്യരെ പങ്കുകാരാക്കുവാൻ മാധ്യങ്ങൾക്കു സാധിക്കുന്നു. എല്ലാം മനുഷ്യൻറെ വിരൽതുമ്പിൽ ലഭ്യമാക്കുന്ന ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വിദ്യാഭ്യാസ പുരോഗതിക്കും ധാർമ്മിക വളർച്ചയ്ക്കും ഉപോയോഗിക്കാവുന്നതാണ്. മാധ്യമ സൗകര്യങ്ങൾകൊണ്ടും, അവയുടെ വേഗതകൊണ്ടും, വിവരസാങ്കേതികതയുടെ സമൃദ്ധമായ ലഭ്യതകൊണ്ടും നമ്മുടെ ലോകം ഇന്ന് ഒരു 'ആഗോള ഗ്രാമ'മായി മാറിയിരിക്കുന്നു (The Global Village, Marshall Macluhan). അതിരുകളില്ലാത്തൊരു വിസ്മയ, വിസ്തൃത വലയമായി മാറിയിരിക്കുന്നു നമ്മുടെ ലോകം!

ഏതു മുക്കിനും മൂലയിലും നടക്കുന്ന സംഭവങ്ങൾ അനുനിമിഷം വിരൽത്തുമ്പിൽ മുറിയിലും, മുന്നിലും എത്തുന്നു. നന്മയുടെ അവബോധം വളർത്തി ജനങ്ങളെ കർമ്മോന്മുഖരാക്കുവാൻ ഇൻറെർനെറ്റ്, ഐ-ഫോൺ, ഐ-പാഡ്, ടിവി, സിനിമ പോലുള്ള ആധുനിക സമ്പർക്ക മാധ്യമങ്ങൾക്കും, അവയുടെ പരിപാടികൾക്കും കരുത്തുണ്ട്. വിദ്യാഭ്യാസ പുരോഗതിക്കായും ഇന്ന് മാധ്യമങ്ങൾ ധാരാളമായി ഉപയോഗിക്കുന്നുണ്ട്.

**5. മാധ്യമങ്ങൾക്ക് അടിയറ പറയരുത്!** മാധ്യമങ്ങൾക്ക് അടിയറ പറയുകയല്ല വേണ്ടത്, പകരം ഉത്തരവാദിത്വത്തോടെ സമൂഹത്തിൻറെ നന്മയ്ക്കും പുരോഗതിക്കുമായി അവ ഉപയോഗിക്കുന്നതിനുള്ള കരുത്താർജ്ജിക്കുകയാണു വേണ്ടത്. അങ്ങനെ നന്മയുടെ ചാലകശക്തിയായ മാധ്യമങ്ങൾ ശരിയാംവണ്ണം നന്മയ്ക്കായി ഉപോയോഗിക്കാനുള്ള അവബോധവും കരുത്തും നല്കുന്ന പ്രക്രിയയ്ക്കാണ് മാധ്യമാവബോധം അല്ലെങ്കിൽ മാധ്യമബോധനം എന്നു പറയുന്നത്. കുട്ടികൾ കൊലപാതകത്തിലും ക്രൂരകൃത്യങ്ങളിലും ഏർപ്പെടുന്ന സംഭവങ്ങൾ പൂർവ്വോപരി വർദ്ധിച്ചു വരികയാണ്. തോക്ക് ഉപയോഗിച്ച് സ്കൂൾ വിദ്യാർത്ഥി സഹപാഠിയെ അല്ലെങ്കിൽ അദ്ധ്യാപികയെ വകവരുത്തുന്ന സംഭവങ്ങൾ പശ്ചാത്യലോകത്തിൻറേതെന്ന് പറഞ്ഞു

തള്ളാവുന്നതല്ല. ഭാരതത്തിലും കൊച്ചു കേരളത്തിലും കത്തിയും കഠാരയുമെടുക്കുന്ന കുഞ്ഞിക്കൈകളുടെ സമാനസംഭവങ്ങൾ സമൂഹിക മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നുണ്ട്.

എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നു നാം ചിന്തിക്കുന്നത് ഉചിതമാണ്. നാടിൻറെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ അനുദിനം വളർന്നു വരുന്ന അക്രമങ്ങളും കൊലപാതകങ്ങളും നമ്മെ കണ്ണു തുറപ്പിക്കേണ്ടതാണ്. ദൈവത്തിൻറെ നാട്ടിലും, സംസ്കാരസമ്പന്നരുടെ മണ്ണിലും, അഭ്യസ്തവിദ്യരുടെ സമൂഹത്തിലുമാണ് ഇതെല്ലാം സംഭവിക്കുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളുടെയും അതുപോലുള്ള ക്രിമിനൽ സംഭവങ്ങളുടെയും കണക്കിൽ ഇന്ന് കേരളം മുൻപന്തിയിലാണെന്നും പറയാൻ വിഷമം തോന്നുന്നു.

**6. ദൈവത്തിൻറെ നാട്ടിൽ മാധ്യമങ്ങൾ!** ദൈവത്തിൻറെ സ്വന്തം നാടെന്ന് അഭിമാനിക്കുന്ന കേരളം കുറ്റവാളികളുടെ കേന്ദ്രമായിത്തീരുന്നുവെന്ന്, National Crimes Records Bureau, *NCRB* സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ *വെളിപ്പെടുത്തുന്നു*. സാമൂഹിക കുറ്റകൃത്യങ്ങളെ നിരീക്ഷിച്ചു പഠിക്കുന്ന ഭാരതസർക്കാരിൻറെ കേന്ദ്രം *NCRB* പുറത്തുവിട്ട ഔദ്യോഗിക റിപ്പോർട്ടിലാണ് കേരളത്തിൻറെ ഉയർന്ന അധാർമ്മിക സ്വഭാവം പഠനങ്ങളെ അടിസ്ഥാനമാക്കി വെളിപ്പെടുത്തപ്പെട്ടത്. കുറ്റകൃത്യങ്ങളുടെ നിരക്ക് ഇതര സംസ്ഥാനങ്ങളിലെ പ്രതിമാസ ശരാശരിയുടെ ഇരട്ടിയാണ് കേരളത്തിൽ. അതായത് അന്യസംസ്ഥാനങ്ങളിൽ പ്രതിമാസം 200 കേസുകൾ എണ്ണപ്പെടുകയാണെങ്കിൽ കേരളത്തിൽ 400-റായി അവ വർദ്ധിച്ചിട്ടുണ്ടെന്ന് സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നു.

വിവിധ സംസ്ഥാനങ്ങളിലെ നഗരങ്ങളിൽ 'റെജിസ്റ്റർ'ചെയ്തിട്ടുള്ള ഗാർഹികപീഡനം, സ്ത്രീപീഡനം, കൊലപാതകം, കൊലപാതകശ്രമം, ലൈംഗികപീഡനം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീധന മരണം, രാഷ്ട്രീയ കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങളുടെ കണക്കുകൾ അവലോകനം ചെയ്താണ് ദേശീയ ക്രൈം റെക്കോർഡിങ്ങ് ബ്യൂറോ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സാക്ഷരതയുടെയും ആരോഗ്യപരിപാലനയ്ക്കുള്ള സംവിധാനങ്ങളുടെയും കാര്യത്തിൽ ഊറ്റംകൊള്ളുന്ന കേരളത്തിന് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ തലകുനിക്കേണ്ടി വരുന്ന കണക്കുകളാണ് *NCRB* പുറത്തുവിട്ടിരിക്കുന്നത്. ആധുനിക മാധ്യമങ്ങളുടെ വിപരീത സ്വാധീനം കേരള സംസ്കാരത്തിൽ ചൂഴ്ന്നിറങ്ങുന്നുണ്ടെന്നും, നമ്മുടെ നാടിൻറെ നിഷേധാത്മകമായ സാമൂഹിക രാഷ്ട്രീയ അന്തരീക്ഷത്തിൽ മാധ്യമങ്ങൾക്ക് അതിൽ നല്ലൊരു പങ്കുണ്ടെന്നും പറയാതിരിക്കാനാവില്ല. കാരണം വിവേചനമില്ലാതുള്ള ടിവി, സിനിമ സീരിയലുകളോടും വികലമായ മാധ്യമപരിപാടികളോടും ഭ്രമമുള്ളവരായി മാറുന്നുണ്ട് നല്ലൊരു ശതമാനം മലയാളി സമൂഹവും.

**7. നാം എങ്ങോട്ട്?** നാം എങ്ങോട്ട് എന്ന് ചോദിക്കുന്നതു നല്ലതാണ്? നാടിൻറെ സാമൂഹ്യ മനഃസ്സാക്ഷിയിൽ വ്യാപകമായി വളർന്നുവരുന്ന മൂല്യച്യുതിയാണ് കൊലപാതമായും അക്രമമായും അഴിമതിയായും മദ്യാപാനമായും സ്ത്രീപീഡനമായും ആധാർമ്മികതയായും സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നത്. സിനിമ, ടെലിവിഷൻ സീലിയലുകൾ, പരസ്യങ്ങൾ എന്നവയിൽ കണ്ടുവരുന്ന മൂല്യബോധമില്ലായ്മയുടെ വികലവും

അധാർമ്മികവുമായ രംഗങ്ങളും കഥാതന്തുക്കളും അക്രമപ്രവണതയുടെയും സാമൂഹിക തിന്മയുടെയും വിത്ത് പിഞ്ചു മനസ്സുകളിൽ പാകുന്നുണ്ട്.

എന്തു കെട്ടിച്ചമച്ചും പ്രേക്ഷകരെ രസിപ്പിക്കണം എന്ന ലക്ഷ്യം മാത്രമായി ഇറങ്ങുന്ന ചാനലുകളും സീരിയലുകളും അവയുടെ നിർമ്മാതാക്കളും സംവിധായകരും സഭ്യതയുടെ പരിധികൾ സദാ ലംഘിക്കുകയാണ്. അങ്ങനെ അവർ അറിയാതെതന്നെ അക്രമങ്ങളുടെയും ആധാർമ്മികതയുടെയും പ്രയോക്താക്കളായി മാറുന്നു.

അറിയുവാനുള്ള അവകാശം മനുഷ്യന് അടിസ്ഥാനമാണ്. മനുഷ്യാവകാശവും പൊതുജനത്തിൻറെ താത്പര്യങ്ങളും സംരക്ഷിക്കാൻ നിയമസംവിധാനവും ജുഡീഷ്യറിയും ഉണ്ടെങ്കിലും മാധ്യമ ജാഗ്രതതന്നെയാണ് നീതിയും ധാർമ്മികതയും ഉറപ്പാക്കാനുള്ള മാർഗ്ഗമെന്നാണ് പൊതുവെയുള്ള വിശ്വാസം. തൽസ്ഥാനത്ത് ഇന്ന് ഒരു വിശ്വാസവഞ്ചനയാണ് മാധ്യമങ്ങളിലൂടെ നടക്കുന്നത്. നന്മയുടെയും മൂല്യങ്ങളുടെയും പ്രയോക്താക്കളാകേണ്ട മാധ്യമങ്ങൾ, സത്യവും യാഥാർത്ഥ്യവും മറന്ന് ലാഭേച്ഛയോടെ, വാർത്തയും പരിപാടികളും കെട്ടിച്ചമയ്ക്കാനുള്ള ബദ്ധപ്പാടും കിടമാത്സര്യവുമാണ് പ്രകടമാക്കുന്നത്.

ഇന്ന് ഏതൊരു കുടുംബത്തിലെയും അംഗമാണ് ടി.വി. എവിടെയും നടക്കുന്ന, എന്തു പരിപാടിയും തത്സമയം നമുക്ക് എത്തിച്ചു തരുന്നത് ടിവി, ഇൻറർനെറ്റുപോലുള്ള മാധ്യമശൃംഖലകളാണ്. സമൂഹത്തിലെ അപച്യുതികളും മൂല്യച്യുതികളും പതുങ്ങിയിരിക്കുന്ന ചതിക്കുഴികളും സമൂഹത്തിൻറെ മുന്നിൽ അവതരിപ്പിക്കുന്നത് മാധ്യമങ്ങളാണ്. വിവരം വിദ്യ വിനോദം എന്നിവ പകർന്നുനല്കേണ്ട മാധ്യമങ്ങൾ, വിവേചനത്തോടെ കൈകാര്യംചെയ്യുന്നില്ലെങ്കിൽ, അവ നമ്മെ വഴിതെറ്റിക്കാൻ ഇടയാകും എന്നതിൽ സംശയമില്ല.

**8. ടെലിവിഷൻ ഭ്രമം** നവസാങ്കേതികതയുടെ അതിപ്രസരത്തിൽ കുട്ടികൾ ടിവി –'അഡിക്ട്'കളായി മാറുന്നു. ക്രൂരതയുടെ ദൃശ്യങ്ങൾ കാണുന്ന കുഞ്ഞുങ്ങൾ, അക്രമത്തോടും, ജീവിതത്തിൻറെ പരുപരുക്കൻ രീതികളോടും നിസംഗരായി മാറുന്നു. ഇന്ന് സമൂഹത്തിൽ പ്രബലപ്പെടുന്ന ഉപഭോഗസംസ്കാരത്തിനും, മാത്സര്യസംസ്കരത്തിനും കാരണം ഒരു പരിധിവരെ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾതന്നെയാണ്. സാമൂഹിക നന്മകളും തിന്മകളും ഒരുപോലെ പ്രതിഫലിക്കേണ്ട കണ്ണാടിയാണ് മാധ്യമങ്ങൾ. നമ്മുടെ സ്വഭാവം പെരുമാറ്റം, പ്രതീക്ഷ, ഇഷ്ടാനിഷ്ടങ്ങൾ, ചെലവ്, ആഘോഷങ്ങൾ ഇതിൻറെയെല്ലാം മാർഗ്ഗരേഖയായി മാറുന്നത് മാധ്യമങ്ങളാണ്. വാർത്തകൾപോലും ഇന്ന് ഉല്പന്ന പ്രാധാന്യമാണ്. മാധ്യമങ്ങൾ അതിനെ ഇഷ്ടതാരങ്ങളിലൂടെയും പ്രമുഖരിലൂടെയും 'പാക്കേജ്''ചെയ്താണ് ഇന്ന് കുട്ടികളുടെ മുന്നിൽ മാത്രമല്ല മുതിർന്നവരുടെയും മുന്നിൽ എത്തുന്നത്, പ്രദർ ശിപ്പിക്കപ്പെടുന്നത്.

കേരളം ഇന്ന് ആത്മഹത്യയുടെ നാടായി മാറിയതിനു പിന്നിലെ കാരണം കടക്കെണിയാണ്, ഉപഭോഗസംസ്കാരത്തിൽ മുളയെടുത്ത കടബാദ്ധ്യതകളാണ്. പലപ്പോഴും ഈ ബാദ്ധ്യതകൾ ആഡംബരവും ആർ ഭാട വിവാഹങ്ങളും, ഉത്സവങ്ങളും, പള്ളിപ്പെരുന്നാളും, മാത്സര്യബുദ്ധിയോടെയുള്ള വിദ്യാഭ്യാസ സമ്പ്രദായവും

വരുത്തിക്കൂട്ടുന്നതാണ്. പണമുണ്ടെങ്കിൽ എന്തെല്ലാം സ്വായത്തമാക്കാം എന്ന വിചാരം അതിൻറെ പിന്നിലുണ്ട്. സാധനങ്ങൾ വാങ്ങിയാൽ സമ്മാനം, എന്നിങ്ങനെയുള്ള മാധ്യമ പ്രചാരണങ്ങളാണ് 'ശബരീനാഥന്മാരെ' കേരളത്തിൽ സൃഷ്ടിക്കുന്നത്.

റിയാലിറ്റിഷോകൾ മറ്റൊരു സാമൂഹിക വിപത്താണ്. വളരെയധികം കഴിവുകൾ അംഗീകരിപ്പെടുന്നു എന്നു സമ്മതിക്കുമ്പോഴും കുട്ടികളുടെ കുട്ടിത്തം നഷ്ടപ്പെടുത്താൻ റിയാലിറ്റിഷോയ്ക്കു സാധിക്കും. കൗമാരം എന്നു പറയുന്നത് 13-മുതൽ 18-വരെ പ്രായമുള്ള കുട്ടികളേയായിരുന്നു. 10 മുതൽ 13 വരെ പ്രായമുള്ളവരെ 'ടീൻസ്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ഈ വിടവ് ഇന്ന് ഇല്ലാതയിരിക്കുന്നു. ഇന്ന് പത്തു വയസ്സുള്ള കുട്ടിയും വേഷവിദാനത്തിലും പെരുമാറ്റത്തിലും മുതിർന്നവരുടെ ആഗ്രഹങ്ങൾ വച്ചുപലർത്തുന്നു. മാധ്യമങ്ങൾക്കതിൽ പങ്കില്ലേ!?

**9. മാധ്യമങ്ങൾ നമ്മയുടെ ചാലകശക്തി** മാധ്യമങ്ങളുടെ ക്രിയാത്മകമായ പങ്ക് നിരാകരിക്കുന്നില്ല. മലിനീകരണം, പകർച്ചവ്യാധികൾ, എച്ച്ഐവി ബാധിതരായ കുട്ടികളുടെ അവസ്ഥ, അവർ അനുഭവിക്കുന്ന വിവേചനം, പരിസ്ഥിതിനാശം, മതപീഡനം, ഭീകരാക്രമണം മുതലായവ വസ്തുതകൾ ദൃശ്യമാധ്യമങ്ങൾ ജനങ്ങൾക്കു മുൻ പിൽ കൊണ്ടുവരുന്നു, അവബോധം വളർത്തുന്നു. സാക്ഷരത ഇല്ലാത്തവർപോലും ജലമലിനീകരണത്തെപ്പറ്റിയും അതുമൂലമുണ്ടാകുന്ന പകർച്ച വ്യാധികളെക്കുറിച്ചുമെല്ലാം അവബോധം കൈവരിക്കുന്നത് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയാണ്. മനുഷ്യാവകാശ ലംഘനങ്ങൾ, പൊലീസ് പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ റോഡ് നിയമലംഘനങ്ങൾ, ഭൂമി കൈയ്യേറ്റം എല്ലാം വെളിപ്പെടുത്തപ്പെടുന്നതും, അവബോധം നൽകപ്പെടുന്നതും സമ്പർ ക്കമാധ്യമങ്ങളിലൂടെയാണ്.

അറിവു ശക്തിയാണ്. അറിവും വിവരവും തരുന്നതു മാധ്യമങ്ങളാണ്. നമ്മുടെ ജീവിതത്തിൻറെ ഗുണനിലവാരം ഉറപ്പു വരുത്തി മാറ്റത്തിനു വഴിയൊരുക്കി, സമത്വവും സാമൂഹികനീതിയും സുരക്ഷയും അവസര സമത്വവും അതിനാവശ്യമായ പുതിയ മനോഭാവവും മനഃസ്ഥിതിയും മൂല്യസംഹിതയും നല്കുന്നതിന് മാധ്യമങ്ങൾക്കു സാധിക്കട്ടെ! മാതാപിതാക്കളും അദ്ധ്യാപകരും മാധ്യമ പ്രവർത്തകരും സമൂഹത്തിലെ നേതാക്കളുമെല്ലാം ഭാവിതലമുറയുടെ ഉത്തരവാദിത്തം വഹിക്കുന്നവരാണ്. മാധ്യമങ്ങളുടെ വിപരീത സ്വാധീനത്തിൽനിന്നും കുട്ടികളെ സ്വതന്ത്രരാക്കുന്നതിലും നിയന്ത്രിക്കുന്നതിലും വലിയൊരു പങ്ക് ഇവർക്കാണുള്ളത്.


**10. പ്രായോഗികമെന്ന തോന്നുന്ന ചിന്തകൾ** കുട്ടികളെ മാധ്യമാവബോധമുള്ളവരാക്കാൻ സഹായകമാകുമെന്നു കരുതുന്ന ചില നിർദ്ദേശങ്ങൾ പങ്കുവയ്ക്കട്ടെ:കുട്ടികളെ നിഷ്ഠയുള്ള ജീവിതക്രമത്തിലേയ്ക്ക് നയിക്കാൻ സഹായകമാകുന്നൊരു സമയ-സൂചിക, ടൈംടേബിൾ തയ്യാറാക്കി അവർക്കു നലക്കുക. അതു പാലിക്കാൻ അവരെ സഹായിക്കുക. പഠനത്തിനും വിശ്രമത്തിനും എന്ന പോലെ ടിവി പരിപാടികൾക്കും ഉല്ലാസത്തിനും ദിനചര്യയിൽ സമയം കണ്ടെത്തുക. കുട്ടികൾ, കുട്ടികളുടെ പരിപാടികൾ, അല്ലെങ്കിൽ കുട്ടികൾക്ക് ഉതകുന്ന

പരിപാടികൾ മാത്രം അവർക്ക് കാണവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക . സമപ്രായക്കാരായവരോട് ഇടപഴകാനും, പുറംവാതിൽക്കളികളിൽ ഏർപ്പെടുനും അവസരമൊരുക്കുക. വ്യക്തിപരമായി ഓരോ കുട്ടിക്കുമുള്ള സവിശേഷമായ കഴിവുകൾ കണ്ടെത്തി, അത് പരിപോഷിപ്പിക്കുക. ഉദാഹരണത്തിന്, കല, സംഗീതം, നൃത്തം, കായികം, കളി, കൃഷി, പക്ഷിവളർത്തൽ എന്നിങ്ങനെ. കുട്ടികൾ കാണുന്ന പരിപാടികൾ അവർക്കൊപ്പം മുതിർന്നവരും കാണുക, എന്നിട്ട് ആവശ്യംപോലെ അവരെ സാഹായിക്കുക, നയിക്കുക.


കുട്ടികൾക്കുള്ള പരിപരിപാടികൾ, പ്രത്യേകിച്ച് മൂല്യാധിഷ്ഠിത പരിപാടികൾ തയ്യാറാക്കുന്നതിന് മാധ്യമപ്രവർത്തകരും, ഭരണകർത്താക്കളും മാതാപിതാക്കളും അദ്ധ്യാപകരും ഒരുമിച്ച് അഭിപ്രായങ്ങൾ പങ്കുവയ്ക്കുക. വിനോദ പരിപാടികളിൽ എന്നപോലെ, വിജ്ഞാന പരിപാടികളിലും കുട്ടികളെ മെല്ലെ തല്പരരാക്കുക.

AMINA J

10 B



RISANA
9B


മുന്നോട്ട്
ഇരുളിനെ നീക്കി പ്രകാശം
പരത്തിടാം
ചിറക്കുകൾ വീശി
പറന്നുയർന്നിടാം
തളരാത ഉയരങ്ങൾ ഇനിയും
താണ്ടിടാം
കരുത്തർജ്ജിക്കാം കാലത്തെ
അതിജീവിച്ചിടാം
സ്നേഹത്തിൻ മാമ്പൂക്കൾ
വിടർത്തിടാം
തണലായി തുണയായി കൂടെ
നിന്നിടാം
കരുണയ്ക്കായ്
കൈകോർക്കാം ഒന്നായ്
നിന്നിടാം
മുന്നോട്ടു പോയിടാം പാറി
പറന്നിടാം
ATHIRA
8A

# പെണ്ണ്





CHANDRA SANTHOSH
8A



THANSI THAHA
8A




**ABHIRAMI**
**10A**



**SULTHANA**
**10B**



SRAVAN
8A


സ്റ്റഡി ടൂർ










കേരള സ്കൂൾ
കലോത്സവം
2022-23









# INDEPENDENCE DAY *Celebrations*







ONAM
CELEBRATIONS 2023









# INTERNATIONAL

# YOGA DAY





# 2023 ഡിസംബർ 3
# ലോക ഭിന്നശേഷി ദിനം









# സഹായ വിതരണം നടത്തി

കടയ്ക്കാവൂർ: നെടുങ്ങണ്ട എസ്.എൻ.വി.ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികളുടെ ഭാഗമായുള്ള സഹായ വിതരണം നടന്നു. അഞ്ചുതെങ്ങ് പഞ്ചായത്ത് പ്രസിഡന്റ് വി. ലൈജു ഉദ്ഘാടനം ചെയ്തു. പൂർവ വിദ്യാർത്ഥികളുടെ സഹായത്തോടെ അഞ്ച് കുട്ടികൾക്ക് ഓരോ ആട് വീതവും അംഗ പരിമിതി നേരിടുന്ന കുട്ടിയ്ക്ക് വാക്കറും നൽകി. പ്രിൻസിപ്പൽ സുനി, പി.ടി.എ പ്രസിഡന്റ് സക്കീർ ഹുസൈൻ തുടങ്ങിയവർ സംസാരിച്ചു. എൻ.എസ്.എസ്. പി.ഒ ദീപ സുദേവൻ പദ്ധതി വിശദീകരിച്ചു. എച്ച്.എം നീന ആർ സ്വാഗതവും വോളന്റിയർ തീർത്ഥ നന്ദിയും പറഞ്ഞു.

നെടുങ്ങണ്ട എസ്.എൻ.വി.ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികളുടെ ഭാഗമായി സഹായ വിതരണം നടക്കുന്നു


Happy Republic Day
26 January